# കൊലക്കേസിൽ ജാമ്യത്തിലിറങ്ങി മുങ്ങിയ പ്രതി അറസ്റ്റില്

കോട്ടക്കൽ: ഇരുപതിരണ്ടു വർഷം മുമ്പ് നടന്ന കൊലക്കേസിൽ ജാമ്യത്തിലിറങ്ങി മുങ്ങിയ പ്രതിയെ കോട്ടക്കൽ പോലീസ് പിടികൂടി. 1994-ൽ എടരിക്കോട് കോട്ടേഴ്സിൽ താമസിക്കുകയായിരുന്ന കുന്നംകുളം പയനി സ്വദേശി രമണി (32) നെ കുത്തി കൊലപ്പെടുത്തിയ പ്രതി തൂത്തുകുടി സാതങ്കുളം മൈകിൾ @ ആന്റണി (46) നെയാണ് കോട്ടക്കൽ പോലീസ് പിടികൂടിയത്. മൈകിളിന്റെ ഭാര്യ ശാന്ത അതേ കോട്ടേഴ്സിൽ താമസിച്ചിരുന്ന രമണിയുമായുണ്ടായ വാക് തർക്കമാണ് കൊലപാതകത്തിനിടിയാക്കിയത്. കോട്ടേഴ്സ് വളപ്പിൽ വീഴുന്ന ഓല എടുക്കുന്നതു സംബന്ധിച്ചാണ് വാക് തർക്കമുണ്ടായത്. അന്ന് തിരൂർ സി.ഐ പ്രതിയെ പിടികൂടി കോടതിയിൽ ഹാജരാക്കിയിരുന്നു. തുടർന്ന് ഭാര്യാപിതാവ് വന്ന് മൈക്കിളിനെ ജാമ്യത്തിലിറക്കുകയായിരുന്നു. അന്നു മുങ്ങിയ പ്രതി പലയിടങ്ങളിലായി പല പേരിൽ താമസിക്കുകയായായിരുന്നു. കോട്ടക്കൽ ഫർണിച്ചർ നിർമ്മാണ കടയിൽ അലമാറ നിർമ്മാണ തൊഴിലാളിയായ ഇയാൾ പോകുന്നിടത്തെല്ലാം ഇതേ തൊഴിൽ തന്നെയാണ് ചെയ്തിരുന്നത്. അതിനിടയിൽ സ്വന്തം ജേഷ്ടനുമായി വാക് തർക്കമുണ്ടായി അയാളെയും കുത്തിപരിക്കേൽപ്പിച്ച പ്രതി പോലീസ് പിടിയിലായെങ്കിലും ഭാര്യാപിതാവ് വീണ്ടും പ്രതിയെ ജാമ്യത്തിലിറക്കി. അങ്ങിനെ അവിടെ നിന്നും വീണ്ടും മുങ്ങിയ പ്രതി കൊല്ലം ചക്കുവള്ളി ഉൾപ്രദേശത്ത് ഭാര്യയും അഞ്ചുമക്കളുമായി താമസിക്കുന്നുണ്ടെന്ന രഹസ്യ സന്ദേശത്തെ തുടർന്നുണ്ടായ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്. കോട്ടക്കൽ എസ്.ഐ ആർ. വിനോദ്, സി.പി.ഒ മാരായ സജുകുമാർ, അനിൽ എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്.